# കോൺഫെഡറേഷൻ ഓഫ് തമിഴ്നാട് മലയാളി അസ്സോസിയേഷൻസ്

UTSAV 2026

CTMA ARTS FESTIVAL

14-ാമത് സി.ടി.എം.എ

# കലോത്സവം

2026 ജൂൺ 28, ജൂലൈ 11, 12

# നിയമാവലി

# ഉത്സവ് 2026

സി.ടി.എം.എ കലോത്സവം

## മുഖവുര

കേരളത്തിലെ യുവതലമുറയ്ക്ക് അവരുടെ സർഗ്ഗശേഷി പ്രകടിപ്പിക്കാനുള്ള നിരവധി അവസരങ്ങൾ സ്കൂൾ/കോളേജ് കലോത്സവങ്ങളിലൂടെയും കേരളോത്സവത്തിലൂടെയും ലഭിക്കുന്നുണ്ട്. തമിഴ്നാട്ടിൽ താമസിക്കുന്ന പ്രവാസി മലയാളികളായ സ്കൂൾ/കോളേജ് കുട്ടികൾക്കും യുവതീയുവാക്കൾക്കും അവരുടെ സർഗ്ഗശേഷി പ്രകടിപ്പിക്കാനുള്ള അവസരമൊരുക്കാനായാണ് 2009-ൽ ഉത്സവ് എന്ന പേരിൽ സി.ടി.എം.എ കലോത്സവത്തിന് തുടക്കമിട്ടത്. തുടർന്ന് 2025 വരെ പതിമൂന്ന് തവണ ഉത്സവ് സംഘടിപ്പിക്കപ്പെട്ടു. കേരളത്തിലെ സ്കൂൾ/കോളേജ് കലോത്സവം പോലെ തന്നെ തമിഴ്നാട്ടിലെ സർഗ്ഗധനരായ മലയാളി യുവസമൂഹത്തിന്റെ ഏറ്റവും വലിയ കലാസംസ്ക്കാരിക സംഗമമായി സി.ടി.എം.എ. ഉത്സവ് മാറിക്കഴിഞ്ഞു.

ഉത്സവിന്റെ പതിനാലാം അദ്ധ്യായത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. **2026 ജൂൺ 28 ഞായറാഴ്ച** ചെന്നൈ മദ്രാസ് കേരള സമാജത്തിലും, കോയമ്പത്തൂരിൽ കോയമ്പത്തൂർ കേരള സമാജം ഹാളിലുമായി രചനാമത്സരങ്ങൾ നടക്കും. **2026 ജൂലൈ 11 ശനി, 12 ഞായർ** ദിവസങ്ങളിൽ ചെന്നൈ മുഗപ്പേറിലുള്ള മാർ ഗ്രിഗോറിയാസ് കോളേജ് മൈതാനത്ത് വച്ചാണ് ഉത്സവിലെ കലാമത്സരങ്ങൾ അരങ്ങേറുക. ഉത്സവുമായി ബന്ധപ്പെട്ട നിയമാവലി, മത്സരയിനങ്ങൾ, മൂല്യനിർണ്ണയ രീതികൾ തുടങ്ങിയവ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സി.ടി.എം.എ-യുടെ **www.myctma.org** എന്ന വെബ്സൈറ്റിൽ ഓൺലൈനായി വേണം അപേക്ഷകൾ സമർപ്പിക്കേണ്ടത്. **2026 മെയ് 15 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് തുടങ്ങുന്ന രജിസ്ട്രേഷൻ 2026 മെയ് 31 ഞായറാഴ്ച രാത്രി 10 മണിക്ക് അവസാനിക്കും.**

**അപേക്ഷിക്കുന്നതിന് മുൻപ് മത്സരാർത്ഥികളും, അംഗസംഘടന ഭാരവാഹികളും ഈ നിയമാ വലി പൂർണ്ണമായും വായിക്കാൻ അഭ്യർത്ഥിക്കുന്നു.** ഓരോ അംഗസംഘടനയും പരമാവധി മത്സരാർത്ഥികളെ കലോത്സവത്തിൽ പങ്കെടുപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ! ഉത്സവിനെ സംബന്ധിക്കുന്ന സംശയനിവാരണത്തിനും കൂടുതൽ വിവരങ്ങൾക്കും ഉത്സവ് ജനറൽ കൺവീനറുമായി 98410 42460 എന്ന മൊബൈൽ നമ്പറിലോ utsav2026@myctma.org എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

കലോത്സവത്തിന്റെ വിജയത്തിന് ഏവരുടെയും നിർലോഭമായ സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട്,

സംഘാടകസമിതിക്കുവേണ്ടി,

**വി. സി. പ്രവീൺ**
പ്രസിഡന്റ്, സി.ടി.എം.എ.

**എം. പി. അൻവർ**
ജനറൽ സെക്രട്ടറി, സി.ടി.എം.എ.

**ആർ. രാധാകൃഷ്ണൻ**
ട്രഷറർ, സി.ടി.എം.എ.

**സോമൻ കൈതക്കാട്**
പ്രൊജക്ട് ചെയർമാൻ, സി.ടി.എം.എ.

**കെ. പി. രതീഷ്**
ജനറൽ കൺവീനർ, ഉത്സവ് 2026

**പി. നന്ദകുമാർ**
അഡ്വൈസർ, ഉത്സവ് 2026

# അദ്ധ്യായം 1

# ഉത്സവ് 2026 - നിയമാവലി

01. സി.ടി.എം.എ-യുടെ അംഗസംഘടനകളിലെ കുട്ടികൾക്കും യുവതീയുവാക്കൾക്കും മാത്രമായാണ് ഉത്സവ് കലോത്സവം സംഘടിപ്പിക്കുന്നത്.
02. ഓരോ മത്സര ഇനത്തിലേക്കും ഒരു സംഘടനയിൽ നിന്നും ഒരു മത്സരാർത്ഥിയെ/ഗ്രൂപ്പിനെ മാത്രമെ പരിഗണിക്കൂ. ഒരാൾക്ക് പരമാവധി നാല് വ്യക്തിഗത ഇനങ്ങളിലും, രണ്ട് ഗ്രൂപ്പ് ഇനങ്ങളിലും മാത്രമാണ് പങ്കെടുക്കാൻ കഴിയുക.
03. പ്രൊഫഷണൽ രംഗത്ത് പ്രവർത്തിക്കുന്ന കലാപ്രവർത്തകരെ ഒഴിവാക്കി സർഗ്ഗശേഷി പ്രകടിപ്പിക്കുവാൻ അവസരങ്ങൾക്ക് വേണ്ടി കാത്തിരിക്കുന്ന മലയാളികളെ പ്രോത്സാഹിപ്പിക്കുവാൻ ഉത്സവിന്റെ വേദി ഉപയോഗപ്പെടുത്തേണ്ടതാണ്.
04. 7 മുതൽ 12 വയസുവരെയുള്ളവരുടെ **സബ് ജൂനിയർ**, 13 മുതൽ 17 വയസുവരെയുള്ളവരുടെ **ജൂനിയർ**, 18 മുതൽ 23 വയസുവരെയുള്ളവരുടെ **സീനിയർ**, 24 മുതൽ 50 വയസുവരെയുള്ളവരുടെ **സൂപ്പർ സീനിയർ** എന്നിങ്ങനെ നാല് വിഭാഗങ്ങളിലായിട്ടാണ് മത്സരങ്ങൾ നടക്കുക. 01-06-2026 എന്ന തീയതിയാണ് മുകളിൽ പറഞ്ഞിരിക്കുന്ന പ്രായപരിധി കണക്കാക്കാൻ ഉപയോഗിക്കുക. ഗ്രൂപ്പ് നിശ്ചയിക്കുവാൻ താഴെ കൊടുത്തിട്ടുള്ള പട്ടിക ഉപയോഗിക്കുക.

| **വിഭാഗം** | **മത്സരാർത്ഥിയുടെ ജനനത്തീയതി** (ഇരു തീയതികളും ഉൾപ്പെടെ) |
|---|---|
| 1. സബ് ജൂനിയർ (07-12) | 02-06-2013-നും 01-06-2019-നും മദ്ധ്യേ |
| 2. ജൂനിയർ (13-17) | 02-06-2008-നും 01-06-2013-നും മദ്ധ്യേ |
| 3. സീനിയർ (18-23) | 02-06-2002-നും 01-06-2008-നും മദ്ധ്യേ |
| 4. സൂപ്പർ സീനിയർ (24-50) | 02-06-1975-നും 01-06-2002-നും മദ്ധ്യേ |

05. എല്ലാ ഇനങ്ങളിലും ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടി വിജയിക്കുന്നവർക്ക് ട്രോഫികളും മെറിറ്റ് സർട്ടിഫിക്കറ്റുകളും നൽകും. പങ്കെടുക്കുന്ന എല്ലാ മത്സരാർത്ഥികൾക്കും പങ്കാളിത്ത സർട്ടിഫിക്കറ്റുകളും നൽകും.
06. സബ് ജൂനിയർ, ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ എന്നീ നാല് വിഭാഗങ്ങളിൽ നിന്നും ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന അംഗസംഘടനയ്ക്ക് സി.ടി.എം.എ ചാമ്പ്യൻഷിപ്പ് ട്രോഫി നൽകും. കൂടാതെ രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്ന അംഗസംഘടനകൾക്ക് പ്രത്യേക ട്രോഫികളും നൽകുന്നതായിരിക്കും.
07. ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ആൺകുട്ടിക്ക്/പുരുഷന് "**കലാപ്രതിഭ**" പുരസ്ക്കാരവും പെൺകുട്ടിക്ക്/സ്ത്രീക്ക് "**കലാതിലകം**" പുരസ്ക്കാരവും നൽകും.
08. **കലാപ്രതിഭ, കലാതിലകം പുരസ്ക്കാരങ്ങൾക്ക് പരിഗണിക്കുന്നതിന് സംഗീതം, നൃത്തം, അഭിനയം എന്നിവയിൽ ഏതെങ്കിലും കലാവിഭാഗത്തിലുള്ള മൂന്ന് സ്റ്റേജ് ഇനങ്ങളിലെങ്കിലും പങ്കെടുത്ത് ഗ്രേഡോട് കൂടി വിജയിച്ചിരിക്കണം.**
09. **വ്യക്തിഗത മത്സരയിനങ്ങളിൽ നിന്നും ലഭിക്കുന്ന പോയിന്റുകൾ മാത്രമെ കലാപ്രതിഭ, കലാതിലകം പുരസ്ക്കാരങ്ങൾക്ക് പരിഗണിക്കുകയുള്ളൂ. എന്നാൽ അംഗസംഘടനകൾക്ക് ഗ്രൂപ്പ് ഇനങ്ങളിൽ നിന്നുള്ള പോയിന്റുകൾ കൂടി ലഭിക്കും.**
10. എല്ലാ വിഭാഗത്തിലും കലാപ്രതിഭ, കലാതിലകം തുടങ്ങിയ പുരസ്ക്കാരങ്ങൾക്ക് ഒന്നിലധികം മത്സരാർത്ഥികൾ ഒരേ പോയിന്റ് നേടിയാൽ അവർ നേടിയ ഒന്നാം സമ്മാനങ്ങൾക്കും ഗ്രേഡിനും മുൻഗണന നൽകി ജേതാവിനെ നിശ്ചയിക്കുന്നതാണ്.

11. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് 3, 2, 1 എന്ന ക്രമത്തിൽ ലഭിക്കുന്ന പോയിന്റുകൾക്കൊപ്പം ഗ്രേഡ് അനുസരിച്ച് ലഭിച്ച പോയിന്റുകളും കൂട്ടിച്ചേർത്തായിരിക്കും അവസാന വ്യക്തിഗത പോയിന്റ് നില കണക്കാക്കുന്നത്. (പോയിന്റ് കണക്കാക്കുന്ന രീതി അറിയാൻ പേജ് നമ്പർ 9 നോക്കുക).

| മത്സരത്തിൽ നിന്നും ലഭിക്കുന്ന മാർക്ക് | ഗ്രേഡ് | ഗ്രേഡിന് ലഭിക്കുന്ന പോയിന്റ് |
|---|---|---|
| 70 % -മോ അതിൽ അതിലധികമോ | A | 5 പോയിന്റ് |
| 60 % മുതൽ 69.99 % വരെ | B | 3 പോയിന്റ് |
| 50 % മുതൽ 59.99 % വരെ | C | 1 പോയിന്റ് |

12. കുറഞ്ഞത് മൂന്ന് പേരെങ്കിലും പങ്കെടുക്കുന്നുണ്ടെങ്കിൽ മാത്രമേ ആ ഇനം ഒരു മത്സരമായി കണക്കാക്കുകയുള്ളൂ. എന്നാലും, ഏതെങ്കിലും മത്സരങ്ങളിൽ ഒന്നോ, രണ്ടോ പേർ മാത്രമേ മത്സരിക്കാൻ ഉള്ളുവെങ്കിലും ആ മത്സരം നടത്തുന്നതും പ്രകടനത്തിന്റെ ഗുണമേന്മയുടെ അടിസ്ഥാനത്തിൽ മാർക്കും ഗ്രേഡും നൽകുന്നതുമായിരിക്കും. പക്ഷേ, കലാതിലകം, കലാപ്രതിഭ, ചാമ്പ്യൻഷിപ്പ് എന്നിവയ്ക്ക് ഈ ഇനങ്ങളുടെ ഗ്രേഡിന് ലഭിച്ച പോയിന്റ് മാത്രമായിരിക്കും പരിഗണിക്കുക.
13. കുറഞ്ഞത് മൂന്ന് പേരെങ്കിലും പങ്കെടുത്ത മത്സരത്തിൽ നിന്നും എന്തെങ്കിലും കാരണത്താൽ ഏതെങ്കിലും മത്സരാർത്ഥി/ടീം അയോഗ്യരാവുകയോ പുറത്താക്കപ്പെടുകയോ ചെയ്യുകയാണെങ്കിലും അത് മത്സരമായി തന്നെ കണക്കാക്കുകയും നിയമാവലി അനുസരിച്ചുള്ള സ്ഥാനവും ഗ്രേഡും അർഹരായ മറ്റ് മത്സരാർത്ഥികൾക്ക്/ടീമിന് നല്കുന്നതുമായിരിക്കും.
14. നൃത്ത ഇനങ്ങൾക്കുള്ള ഗാനങ്ങൾ; ഫാൻസി ഡ്രസ്, ടാബ്ലോ തുടങ്ങിയവയ്ക്ക് ഉപയോഗിക്കുവാനുള്ള പശ്ചാത്തല ശബ്ദം തുടങ്ങിയവ mp-3 ഫോർമാറ്റിൽ ജൂലൈ അഞ്ചിന് മുൻപ് ബന്ധപ്പെട്ട ഭാരവാഹിക്ക് WhatsApp/E-mail മുഖാന്തിരം അയച്ചുതരേണ്ടതാണ്. കൂടാതെ പെൻഡ്രൈവിൽ റെക്കോർഡ് ചെയ്തും കൊണ്ടുവരണം. ഒരു പെൻഡ്രൈവിൽ അതാത് ഇനത്തിന് ഉപയോഗിക്കുവാനുള്ള ഒരു ട്രാക്ക് മാത്രമേ ഉണ്ടാകാവൂ. മത്സരം തുടങ്ങുന്നതിനു അര മണിക്കൂർ മുൻപ് തന്നെ പെൻഡ്രൈവ് ബന്ധപ്പെട്ട സ്റ്റേജ് മാനേജരെ ഏൽപ്പിക്കേണ്ടതുമാണ്.
15. ലളിതഗാനം, ദേശഭക്തിഗാനം, സംഘഗാനം, നാടൻ പാട്ട്, മോണോ ആക്ട് തുടങ്ങിയവയ്ക്ക് പിന്നണി സംഗീതം/പെൻഡ്രൈവ് അനുവദനീയമല്ല.
16. എന്തിന് വേണ്ടിയാണെങ്കിലും ജീവനുള്ള പക്ഷിമൃഗാദികളെ വേദിയിൽ അനുവദിക്കുന്നതല്ല.
17. എല്ലാ മത്സരങ്ങളുടെയും അവതരണവും രംഗസജ്ജീകരണങ്ങളും വേദിയുടെ പരിധിക്കുള്ളിൽ തന്നെ നിൽക്കുന്നതായിരിക്കണം.
18. ഫാൻസി ഡ്രസ് മത്സരത്തിന് വേഷത്തിനാണ് പ്രാധാന്യം. പശ്ചാത്തല ശബ്ദം അനുവദിക്കും. പക്ഷേ സംഭാഷണം പാടില്ല. ചലനം ഉണ്ടാവണം. വ്യക്തിയെ ആകെ മറയ്ക്കുന്ന തരത്തിലുള്ള വേഷങ്ങൾ ഒഴിവാക്കേണ്ടതാണ്.
19. ടാബ്ലോ: ചലനങ്ങളൊന്നുമില്ലാതെ ഒരു മിനിറ്റ് വേദിയിൽ അവതരിപ്പിക്കണം. രംഗസജ്ജീകരണത്തിന് രണ്ട് മിനിറ്റ് അനുവദിക്കും.
20. നാടോടിനൃത്തം അവതരിപ്പിക്കുന്നവർ നാടൻ നൃത്തത്തിന് അനുയോജ്യമായ വേഷവിധാനത്തിലായിരിക്കണം. ആഢംബരം കഴിവതും കുറച്ച് നാടോടിത്തനിമ കാത്ത് സൂക്ഷിക്കണം.
21. സംഘനൃത്തത്തിന് മലയാളം ഗാനങ്ങൾ മാത്രമേ അനുവദിക്കുകയുള്ളൂ. പരമാവധി അനുവദനീയമായ 10 മിനിറ്റ് സമയപരിധിക്കുള്ളിൽ നിൽക്കുന്ന ഒരു ഗാനമോ, ഒരു ഗാനത്തിന്റെ തന്നെ ഭാഗമോ മാത്രം ഉപയോഗിക്കുക. ഫ്യൂഷൻ അനുവദിക്കുന്നതല്ല. ആഢംബരം കഴിവതും കുറയ്ക്കുക.
22. തിരുവാതിരയിൽ ലളിതമായ കേരളീയ വേഷമണിഞ്ഞ് കലാരൂപത്തിന്റെ തനിമ നിലനിർത്തണം.
23. മാർഗ്ഗം കളിക്ക് തനതായ വേഷം നിർബന്ധം. ഒപ്പനക്ക് ഉപയോഗിക്കുന്ന ചട്ട പാടില്ല.

24. ഒപ്പനയ്ക്ക്, പാട്ടും താളത്തിനൊത്ത കയ്യടിയുമാണ് മുഖ്യ ഘടകം. നൃത്തമല്ലാത്ത രൂപത്തിൽ ചാഞ്ഞും ചരിഞ്ഞുമുള്ള കയ്യടിയും ചുറ്റിക്കളിയുമാകാം. ഒരു മണവാട്ടിയും വേണം. ഒപ്പനയിൽ പരമ്പരാഗതമായ വേഷവിധാനത്തിന് പ്രാധാന്യം നൽകണം.
25. തിരുവാതിര, മാർഗ്ഗം കളി എന്നിവയ്ക്ക് ആവശ്യമുള്ള നിലവിളക്ക് സംഘാടകർ നൽകും.
26. ശാസ്ത്രീയ സംഗീതത്തിന് ശ്രുതി ഉപയോഗിക്കാവുന്നതാണ്. മത്സരാർത്ഥിക്ക് ഇഷ്ടമുള്ള രാഗം ആലപിക്കാവുന്നതാണ്. രാഗം, കീർത്തനം, നിറവൽ, കല്പനാസ്വരം തുടങ്ങിയവ എല്ലാം തന്നെ പരമാവധി സമയമായ 10 മിനിറ്റിനുള്ളിൽ തന്നെ ആലപിക്കേണ്ടതാണ്.
27. ലളിതഗാന മത്സരത്തിന് 'ചലച്ചിത്ര ഗാനങ്ങൾ' അനുവദനീയമല്ല. എന്നാൽ ഏതെങ്കിലും ലളിതഗാനം സാന്ദർഭികമായി മാത്രം സിനിമകളിൽ വന്നിട്ടുള്ളതാണെങ്കിൽ, മത്സരാർത്ഥി അത് തെളിയിക്കുന്ന പക്ഷം മത്സരത്തിന് പരിഗണിക്കുന്നതാണ്.
28. ദേശിയോദ്ഗ്രഥന സന്ദേശമുൾക്കൊള്ളുന്ന ഗാനങ്ങളായിരിക്കണം ദേശഭക്തിഗാനമായി ആലപിക്കേണ്ടത്. മലയാള ഭാഷയിലുള്ള ഗാനം തന്നെയായിയായിരിക്കണമെന്നില്ല.
29. പ്രസംഗമത്സരത്തിനുള്ള വിഷയം മത്സരത്തിന് 10 മിനിറ്റ് മുമ്പ് മാത്രം വിധികർത്താക്കൾ നിശ്ചയിച്ച് നൽകും.
30. എല്ലാ ഗ്രൂപ്പിനങ്ങളിലും കുറഞ്ഞത് മൂന്ന് പേരെങ്കിലും ഉറപ്പായും ഉണ്ടാവണം.
31. മേൽപ്പറഞ്ഞ നിയമങ്ങൾ ഏതെങ്കിലും പാലിക്കപ്പെടാതെ പ്രകടനം ചെയ്താൽ ആ പങ്കാളിത്തം മുന്നറിയിപ്പ് ഇല്ലാതെ തന്നെ അസാധു ആവുന്നതാണ്.
32. മത്സരാർത്ഥികളുടേതല്ലാത്ത കാരണങ്ങളാൽ മത്സരത്തിനിടെ തടസ്സം നേരിട്ടാൽ ആവശ്യമെങ്കിൽ പ്രസ്തുത മത്സരം വീണ്ടും നടത്തുന്നതിന് അവസരം ഒരുക്കുന്നതായിരിക്കും.
33. മേക്കപ്പ് ആവശ്യമുള്ള മത്സരാർത്ഥികൾ അതിനുള്ള അതിനുള്ള സൌകര്യങ്ങൾ സ്വയം ഒരുക്കേണ്ടതാണ്. മേക്കപ്പ് ചെയ്യാനുള്ള മുറി സംഘാടകർ നല്കുന്നതാണ്.
34. അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ മാത്രമേ മേക്കപ്പ് റൂം ഉപയോഗിക്കാൻ അനുവദിക്കൂ.
35. എല്ലാ സംഘടനകളും  മേക്കപ്പ് റൂമുകൾ പങ്കിട്ട് ഉപയോഗിക്കേണ്ടതാണ്. വനിതകൾക്കായുള്ള മേക്കപ്പ് റൂമിൽ പുരുഷ സഹായികളെ അനുവദിക്കില്ല.
36. ചിത്രരചന, കവിതാരചന, കഥാരചന, ഉപന്യാസരചന, കാർട്ടൂൺ രചന എന്നിവയ്ക്ക് ആവശ്യമായ പേപ്പർ സംഘാടകർ നൽകും. പെൻസിൽ, പേന, നിറങ്ങൾ തുടങ്ങിയവ മത്സരാർത്ഥികൾ കൊണ്ടുവരണം. രചനാമത്സരങ്ങളുടെ പ്രമേയങ്ങൾ വിധികർത്താക്കൾ മത്സരവേദിയിൽ നൽകും. മത്സരഹാളിൽ പുസ്തകങ്ങൾ, ആശയവിനിമയ ഉപകരണങ്ങൾ തുടങ്ങിയവ അനുവദിക്കുന്നതല്ല.
37. ഓരോ മത്സര ഇനങ്ങൾക്കും അനുവദിച്ചിരിക്കുന്ന പരമാവധി സമയത്തിനുള്ളിൽ തന്നെ പ്രകടനം പൂർത്തിയാക്കാത്തവരുടെ പങ്കാളിത്തം അസാധു ആക്കുന്നതാണ്.
38. മറ്റുള്ളവരിൽ നീരസവും വെറുപ്പും ഉളവാക്കുന്ന തരത്തിലുള്ള പ്രകടനമോ സംഭാഷണമോ പാടില്ല. രാഷ്ട്രത്തിന്റെ ഐക്യത്തെയും അഖണ്ഡതയെയും തകർക്കുന്ന തരത്തിലോ, മതവികാരങ്ങളെ വ്രണപ്പെടുത്തുന്ന തരത്തിലോ ഉള്ള പ്രകടനങ്ങൾ അരുത്. അവതരണങ്ങൾ സംസ്ക്കാരികമായി ഉയർന്ന നിലവാരം പുലർത്തുന്നവയായിരിക്കണം.
39. പ്രോഗ്രാം നടത്തിപ്പുമായോ ഫലപ്രഖ്യാപനത്തിലോ എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ സംഘാടകസമിതി നിയോഗിക്കുന്ന ഗ്രീവൻസ് കമ്മിറ്റിയെ മാത്രം ബന്ധപ്പെടുക. ഒരു കാരണവശാലും പരിപാടിക്ക് തടസ്സമോ മറ്റുള്ളവർക്ക് ബുദ്ധിമുട്ടോ ഉണ്ടാകുന്ന തരത്തിലുള്ള പെരുമാറ്റം മത്സരാർത്ഥികളുടെയോ അംഗസംഘടന ഭാരവാഹികളുടെയോ ഭാഗത്തുനിന്നും ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കണം.
40. മത്സരങ്ങളുടെ ഫലപ്രഖ്യാപനം വരുന്ന മുറയ്ക്ക് പ്രത്യേക വേദിയിൽ വച്ച് സമ്മാനവിതരണം നടത്തുന്നതായിരിക്കും. ഫലങ്ങൾ **സി. ടി.എം.എ** വെബ്സൈറ്റിൽ തത്സമയം ലഭ്യമാവുന്നതാണ്.

# അദ്ധ്യായം 2

## ഉത്സവ് 2026 - രജിസ്ട്രേഷൻ

1. കലോത്സവത്തിൽ പങ്കെടുക്കുന്നതിന് www.myctma.org എന്ന വെബ്സൈറ്റിൽ ഓൺലൈൻ വഴിയാണ് രജിസ്ട്രേഷൻ ചെയ്യേണ്ടത്.
2. ഓരോ അംഗസംഘടനയും ഔദ്യോഗികമായി നിയമിച്ചിട്ടുള്ള കോർഡിനേറ്ററിന്റെ പേരും മൊബൈൽ നമ്പറും ഉത്സവ് 2026 ജനറൽ കൺവീനറെ 98410 42460 എന്ന മൊബൈൽ നമ്പറിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്.
3. അംഗസംഘടനകളുടെ അറിവോടെ മാത്രമേ രജിസ്ട്രേഷൻ ചെയ്യാൻ പാടുള്ളൂ. ഓരോ അപേക്ഷകന്റെയും വിവരങ്ങൾ അതാത് സംഘടനാ ഭാരവാഹികളുമായി പങ്കുവയ്ക്കും. അവരിൽ നിന്ന് അനുമതി ലഭിച്ചതിനു ശേഷം മാത്രമേ രജിസ്ട്രേഷൻ അംഗീകരിക്കുകയുള്ളൂ.
4. **ഗ്രൂപ്പ് ഇനങ്ങളിൽ അംഗങ്ങളായി മാത്രം പങ്കെടുക്കുന്നവരും അവസാന തീയതിക്ക് മുൻപ് തന്നെ രജിസ്റ്റർ ചെയ്തിരിക്കണം.**
5. തമിഴ്നാട്ടിൽ വിദ്യാഭ്യാസമോ ജോലിയോ ചെയ്യുന്ന സ്ഥിരതാമസക്കാർക്ക് മാത്രമാണ് ഉത്സവിൽ പങ്കെടുക്കാൻ അർഹതയുള്ളത്. ഏതെങ്കിലും മത്സരാർത്ഥി വിവരങ്ങൾ മറച്ചുവച്ച് ഉത്സവിൽ പങ്കെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവരുടെ പങ്കാളിത്തം അസാധു ആക്കുന്നതാണ്.
6. പങ്കെടുക്കുന്ന എല്ലാ മത്സരാർത്ഥികളുടെയും വയസും, തമിഴ്നാട്ടിലെ വിലാസവും തെളിയിക്കുന്ന രേഖകൾ കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഒപ്പം മുഖം വ്യക്തമായി കാണാവുന്ന തരത്തിലുള്ള പാസ്പോർട്ട് സൈസ് ഫോട്ടോയും സമർപ്പിക്കേണ്ടതാണ്.
7. പേരും ജനനത്തീയതിയും കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള Birth Certificate, School/College ID Card, SSLC Certificate, Central/State Govt. Issued ID Card, Driving Licence, Voter ID, Aadhaar എന്നിവ മാത്രമാണ് വയസ് തെളിയിക്കുന്നതിന് പരിഗണിക്കുന്ന രേഖകൾ.
8. പേരും തമിഴ്നാട്ടിലെ വിലാസവും കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള School/College ID Card, Voter ID, Central/State Govt. Issued ID Card എന്നിവയാണ് മേൽവിലാസം തെളിയിക്കുന്നതിന് പരിഗണിക്കുന്ന രേഖകൾ. മുകളിൽ പറയാത്ത മറ്റ് എന്തെങ്കിലും രേഖകൾ പരിഗണിക്കുന്നതല്ല. മേൽപ്പറഞ്ഞ രേഖകൾ ഒന്നും ഇല്ലാത്തപക്ഷം അംഗസംഘടനയിൽ നിന്നുള്ള സത്യവാങ്മൂലം പരിഗണിക്കുന്നതാണ്.
9. മുഖം വ്യക്തമായി കാണാവുന്ന തരത്തിലുള്ള **പാസ്പോർട്ട് സൈസ് ഫോട്ടോ**യും, വയസ്, വിലാസം എന്നിവ തെളിയിക്കുന്ന രേഖകളും ഇല്ലാതെ വരുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.
10. മത്സരദിനങ്ങളിൽ സംഘാടകർ ആവശ്യപ്പെടുന്ന പക്ഷം അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള രേഖകളുടെ ഒറിജിനൽ കാണിക്കാൻ ഓരോ മത്സരാർത്ഥിയും ബാധ്യസ്ഥരാണ്.
11. സംഘ ഇനങ്ങളിലെ എല്ലാ അംഗങ്ങളും അതാത് ഗ്രൂപ്പിലെ പ്രായപരിധിയിൽ തന്നെ ഉള്ളവർ ആയിരിക്കണം. അല്ലാത്ത പക്ഷം പങ്കാളിത്തം അസാധു ആവും.
12. ഒരു അംഗസംഘടനയുടെ ഗ്രൂപ്പ് ഇനങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾ മറ്റു സംഘടനകളുടെ ഗ്രൂപ്പ് ഇനങ്ങളിൽ പങ്കെടുക്കുന്നത് ശ്രദ്ധയിൽപെട്ടാൽ ബന്ധപ്പെട്ട രണ്ട് സംഘടനകളെയും മത്സരങ്ങളിൽ നിന്നും അയോഗ്യരാക്കുന്നതാണ്. ഗ്രൂപ്പ് ഇനങ്ങളിൽ പങ്കെടുക്കുന്ന എല്ലാ മത്സരാർത്ഥികൾക്കും പരമാവധി രണ്ട് ഗ്രൂപ്പ് ഇനങ്ങളിലേക്ക് മാത്രമേ പങ്കെടുക്കാൻ കഴിയൂ.
13. രജിസ്ട്രേഷൻ വിജയകരമായി പൂർത്തിയാക്കുന്നവർക്കും, അതാത് സംഘടനയുടെ ഔദ്യോഗിക കോർഡിനേറ്റർക്കും തുടർന്നുള്ള വിവരങ്ങൾ വാട്സാപ്പ് സന്ദേശങ്ങളായി ലഭിക്കുന്നതായിരിക്കും.

# അദ്ധ്യായം 3

## ഉത്സവ് 2026 - നടത്തിപ്പ്

1. രചനാമത്സരങ്ങൾക്കായി 2026 ജൂൺ 28 ഞായറാഴ്ച രാവിലെ 8 മണിയ്ക്കും, കലാമത്സരങ്ങൾക്കായി 2026 ജൂലൈ 11 ശനിയാഴ്ച രാവിലെ 8 മണി മുതലും റിപ്പോർട്ടിങ് കൗണ്ടർ പ്രവർത്തനമാരംഭിയ്ക്കും. മത്സരാർത്ഥികളോ കോർഡിനേറ്റർമാരോ തിരിച്ചറിയൽ രേഖ കാണിച്ച് പ്രിന്റ് ചെയ്ത രജിസ്റ്റർ നമ്പറുകൾ ഏറ്റുവാങ്ങണം.
2. ഓരോ വേദിയ്ക്കും പ്രത്യേകം സ്റ്റേജ് മാനേജർമാർ ഉണ്ടാകും. ഓരോ മത്സര ഇനത്തിനും നിശ്ചയിക്കപ്പെട്ട സമയത്തിന് 30 മിനിറ്റ് മുമ്പെങ്കിലും അതാത് സ്റ്റേജ് മാനേജർമാരുടെ പക്കൽ മത്സരാർത്ഥികൾ റിപ്പോർട്ട് ചെയ്തിരിക്കണം.
3. കലാഭിരുചിയുള്ള യുവതീയുവാക്കളുടെ കൂട്ടായ്മയാണ് ഉത്സവ്. മത്സരാർത്ഥികൾ പരസ്പരം അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ശീലം വളർത്തിയെടുക്കേണ്ടതുണ്ട്. സ്വന്തം മത്സരങ്ങളില്ലാത്ത സമയം മറ്റ് വേദികളിലെ മത്സരങ്ങൾ കാണാൻ ഓരോ മത്സരാർത്ഥിയും ശ്രദ്ധിക്കണം. ജൂലൈ 11-ാം തീയതി ശനിയാഴ്ച രാവിലെ നടക്കുന്ന സാംസ്കാരിക ജാഥയിലും, ഉദ്ഘാടനച്ചടങ്ങിലും, ജൂലൈ 12-ാം തീയതി ഞായറാഴ്ച വൈകുന്നേരം നടക്കുന്ന സമ്മാനദാന ചടങ്ങിലും എല്ലാം മത്സരാർത്ഥികളും പങ്കെടുക്കണം.
4. കലോത്സവ വേദിയിൽ ഓരോ സംഘടനയിലെയും മത്സരാർത്ഥികളെ സഹായിക്കാനും അവരുടെ വിവിധ വേദികളിലെ മത്സരങ്ങൾ ഏകോപിപ്പിക്കുവാനും ഓരോ അംഗസംഘടനയും ഉത്തരവാദപ്പെട്ട ഒരു ഭാരവാഹിയെ കോർഡിനേറ്ററായി ചുമതലപ്പെടുത്തേണ്ടതാണ്.
5. പരിപാടികളുടെ സുഗമമായ നടത്തിപ്പിനായി രജിസ്ട്രേഷൻ കമ്മിറ്റി, സ്വീകരണ കമ്മിറ്റി, ധനസമാഹരണ കമ്മിറ്റി, ടാബുലേഷൻ കമ്മിറ്റി, ഭക്ഷണ കമ്മിറ്റി, പരാതി പരിഹാര കമ്മിറ്റി, ഗതാഗത കമ്മിറ്റി തുടങ്ങി വിവിധ കമ്മിറ്റികൾ ഉണ്ടായിരിക്കും.
6. സാഹചര്യങ്ങൾക്കനുസരിച്ച് പരിപാടിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ സംഘാടകസമിതിക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കും. സംഘാടകസമിതിയുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും.
7. വിധിനിർണ്ണയം കുറ്റമറ്റതാകണം എന്ന് സംഘാടകർക്ക് നിർബന്ധമുണ്ട്. അതിനാൽ, ഓരോ മത്സര ഇനത്തിനും ലഭ്യമാവുന്നതിൽ വച്ച് മികച്ച വിധികർത്താക്കളെ ആയിരിക്കും നിയോഗിക്കുക. വിധികർത്താക്കളുടെ തീരുമാനം/വിധിനിർണ്ണയം അന്തിമമായിരിക്കും. അപ്പീൽ ഉണ്ടാവില്ല.
8. രജിസ്ട്രേഷൻ സംബന്ധമായ സഹായത്തിന് 63992 13992 എന്ന നമ്പറിലും, പൊതുവായ സംശയനിവാരണങ്ങൾക്ക് 98410 42460 എന്ന നമ്പറിലും വിളിക്കുക. E-Mail: utsav2026@myctma.org

| HOW POINTS ARE CALCULATED FOR WINNERS AND THEIR ASSOCIATIONS | | |
|---|---|---|
| FOR FIRST PRIZE WINNERS | FOR SECOND PRIZE WINNERS | FOR THIRD PRIZE WINNERS |
| FIRST PLACE (3) WITH 'A' GRADE (5) = 8 | SECOND PLACE (2) WITH 'A' GRADE (5) = 7 | THIRD PLACE (1) WITH 'A' GRADE (5) = 6 |
| FIRST PLACE (3) WITH 'B' GRADE (3) = 6 | SECOND PLACE (2) WITH 'B' GRADE (3) = 5 | THIRD PLACE (1) WITH 'B' GRADE (3) = 4 |
| FIRST PLACE (3) WITH 'C' GRADE (1) = 4 | SECOND PLACE (2) WITH 'C' GRADE (1) = 3 | THIRD PLACE (1) WITH 'C' GRADE (1) = 2 |
| FIRST PLACE (3) WITH NO GRADE (0) = 3 | SECOND PLACE (2) WITH NO GRADE (0) = 2 | THIRD PLACE (1) WITH NO GRADE (0) = 1 |
| NOTE: IF THERE ARE NOT A MINIMUM OF 3 CONTESTANTS, ONLY GRADE POINTS WILL BE ADDED. (SEE PAGE NO. 6 FOR GRADE POINTS) | | |

# അദ്ധ്യായം 4
## ഉത്സവ് 2026 – മത്സരയിനങ്ങളും മറ്റ് വിവരങ്ങളും

Table: 1 - **SUB JUNIOR BOYS**

| Event Code | Event Name | Type | Max. Participants | Max Duration |
|---|---|---|---|---|
| 101 | Drawing - Pencil* | Solo | 1 | 90 min |
| 102 | Drawing - Water Colour* | Solo | 1 | 90 min |
| 103 | Hand Writing - Malayalam* | Solo | 1 | 20 min |
| 104 | Carnatic Music | Solo | 1 | 10 min |
| 105 | Light Music | Solo | 1 | 5 min |
| 106 | Poem Recital - Malayalam | Solo | 1 | 5 min |
| 107 | Bharatha Natyam | Solo | 1 | 10 min |
| 108 | Nadodi Nrutham | Solo | 1 | 5 min |
| 109 | Fancy Dress | Solo | 1 | 2 min |
| 110 | Group Dance | Group | 7 | 7 min |
| * 101 to 103 will be conducted on 28 June 2026 at Chennai and Coimbatore | | | | |

Table: 2 - **SUB JUNIOR GIRLS**

| Event Code | Event Name | Type | Max. Participants | Duration |
|---|---|---|---|---|
| 201 | Drawing - Pencil* | Solo | 1 | 90 min |
| 202 | Drawing - Water Colour* | Solo | 1 | 90 min |
| 203 | Hand Writing - Malayalam* | Solo | 1 | 20 min |
| 204 | Carnatic Music | Solo | 1 | 10 min |
| 205 | Light Music | Solo | 1 | 5 min |
| 206 | Poem Recital - Malayalam | Solo | 1 | 5 min |
| 207 | Bharatha Natyam | Solo | 1 | 10 min |
| 208 | Nadodi Nrutham | Solo | 1 | 5 min |
| 209 | Fancy Dress | Solo | 1 | 2 min |
| 210 | Group Dance | Group | 7 | 7 min |
| * 201 to 203 will be conducted on 28 June 2026 at Chennai and Coimbatore | | | | |

| Table: 3 - **JUNIOR BOYS** | | | | |
|---|---|---|---|---|
| **Event Code** | **Event Name** | **Type** | **Max. Participants** | **Max Duration** |
| 301 | Essay Writing - Malayalam* | Solo | 1 | 60 min |
| 302 | Story Writing - Malayalam* | Solo | 1 | 90 min |
| 303 | Poem Writing - Malayalam* | Solo | 1 | 90 min |
| 304 | Drawing - Pencil* | Solo | 1 | 90 min |
| 305 | Drawing - Water Colour* | Solo | 1 | 90 min |
| 306 | Hand Writing - Malayalam* | Solo | 1 | 20 min |
| 307 | Carnatic Music | Solo | 1 | 10 min |
| 308 | Light Music | Solo | 1 | 5 min |
| 309 | Mappilappattu | Solo | 1 | 5 min |
| 310 | Poem Recital - Malayalam | Solo | 1 | 5 min |
| 311 | Bharatha Natyam | Solo | 1 | 10 min |
| 312 | Nadodi Nrutham | Solo | 1 | 5 min |
| 313 | Fancy Dress | Solo | 1 | 2 min |
| 314 | Mono Act | Solo | 1 | 5 min |
| 315 | Flute | Solo | 1 | 5 min |
| 316 | Mrudangam | Solo | 1 | 10 min |
| 317 | Violin-Oriental | Solo | 1 | 10 min |
| 318 | Elocution - Malayalam | Solo | 1 | 5 min |
| 319 | Group Song | Group | 7 | 10 min |
| 320 | Group Dance | Group | 7 | 10 min |
| 321 | Tableau | Group | 7 | 1 min |
| * 301 to 306 will be conducted on 28 June 2026 at Chennai and Coimbatore | | | | |

| Table: 4 - **JUNIOR GIRLS** | | | | |
|---|---|---|---|---|
| **Event Code** | **Event Name** | **Type** | **Max. Participants** | **Max Duration** |
| 401 | Essay Writing - Malayalam* | Solo | 1 | 60 min |
| 402 | Story Writing - Malayalam* | Solo | 1 | 90 min |
| 403 | Poem Writing - Malayalam* | Solo | 1 | 90 min |
| 404 | Drawing - Pencil* | Solo | 1 | 90 min |
| 405 | Drawing - Water Colour* | Solo | 1 | 90 min |
| 406 | Hand Writing - Malayalam* | Solo | 1 | 20 min |
| 407 | Carnatic Music | Solo | 1 | 10 min |
| 408 | Light Music | Solo | 1 | 5 min |
| 409 | Mappilappattu | Solo | 1 | 5 min |
| 410 | Poem Recital - Malayalam | Solo | 1 | 5 min |
| 411 | Bharatha Natyam | Solo | 1 | 10 min |
| 412 | Nadodi Nrutham | Solo | 1 | 5 min |
| 413 | Fancy Dress | Solo | 1 | 2 min |
| 414 | Mono Act | Solo | 1 | 5 min |
| 415 | Flute | Solo | 1 | 5 min |
| 416 | Violin-Oriental | Solo | 1 | 10 min |
| 417 | Elocution - Malayalam | Solo | 1 | 5 min |
| 418 | Group Song | Group | 7 | 10 min |
| 419 | Group Dance | Group | 7 | 10 min |
| 420 | Thiruvathira | Group | 10 | 10 min |
| 421 | Margam Kali | Group | 7 | 10 min |
| 422 | Oppana | Group | 10 | 10 min |
| 423 | Tableau | Group | 7 | 1 min |
| * 401 to 406 will be conducted on 28 June 2026 at Chennai and Coimbatore | | | | |

| Table: 5 - **SENIOR BOYS** | | | | |
|---|---|---|---|---|
| **Event Code** | **Event Name** | **Type** | **Max. Participants** | **Max Duration** |
| 501 | Essay Writing - Malayalam* | Solo | 1 | 60 min |
| 502 | Story Writing - Malayalam* | Solo | 1 | 90 min |
| 503 | Poem Writing - Malayalam* | Solo | 1 | 90 min |
| 504 | Drawing - Pencil* | Solo | 1 | 90 min |
| 505 | Drawing - Water Colour* | Solo | 1 | 90 min |
| 506 | Hand Writing - Malayalam* | Solo | 1 | 20 min |
| 507 | Carnatic Music | Solo | 1 | 10 min |
| 508 | Light Music | Solo | 1 | 5 min |
| 509 | Mappilappattu | Solo | 1 | 5 min |
| 510 | Poem Recital - Malayalam | Solo | 1 | 5 min |
| 511 | Bharatha Natyam | Solo | 1 | 10 min |
| 512 | Nadodi Nrutham | Solo | 1 | 5 min |
| 513 | Fancy Dress | Solo | 1 | 2 min |
| 514 | Mono Act | Solo | 1 | 5 min |
| 515 | Flute | Solo | 1 | 5 min |
| 516 | Mrudangam | Solo | 1 | 10 min |
| 517 | Violin-Oriental | Solo | 1 | 10 min |
| 518 | Elocution - Malayalam | Solo | 1 | 5 min |
| 519 | Group Song | Group | 7 | 10 min |
| 520 | Group Dance | Group | 7 | 10 min |
| 521 | Tableau | Group | 7 | 1 min |
| * 501 to 506 will be conducted on 28 June 2026 at Chennai and Coimbatore | | | | |

| Table: 6 - **SENIOR GIRLS** | | | | |
|---|---|---|---|---|
| **Event Code** | **Event Name** | **Type** | **Max. Participants** | **Max Duration** |
| 601 | Essay Writing - Malayalam* | Solo | 1 | 60 min |
| 602 | Story Writing - Malayalam* | Solo | 1 | 90 min |
| 603 | Poem Writing - Malayalam* | Solo | 1 | 90 min |
| 604 | Drawing - Pencil* | Solo | 1 | 90 min |
| 605 | Drawing - Water Colour* | Solo | 1 | 90 min |
| 606 | Hand Writing - Malayalam* | Solo | 1 | 20 min |
| 607 | Carnatic Music | Solo | 1 | 10 min |
| 608 | Light Music | Solo | 1 | 5 min |
| 609 | Mappilappattu | Solo | 1 | 5 min |
| 610 | Poem Recital - Malayalam | Solo | 1 | 5 min |
| 611 | Bharatha Natyam | Solo | 1 | 10 min |
| 612 | Nadodi Nrutham | Solo | 1 | 5 min |
| 613 | Fancy Dress | Solo | 1 | 2 min |
| 614 | Mono Act | Solo | 1 | 5 min |
| 615 | Flute | Solo | 1 | 5 min |
| 616 | Violin-Oriental | Solo | 1 | 10 min |
| 617 | Elocution - Malayalam | Solo | 1 | 5 min |
| 618 | Group Song | Group | 7 | 10 min |
| 619 | Group Dance | Group | 7 | 10 min |
| 620 | Thiruvathira | Group | 10 | 10 min |
| 621 | Margam Kali | Group | 7 | 10 min |
| 622 | Oppana | Group | 10 | 10 min |
| 623 | Tableau | Group | 7 | 1 min |
| * 601 to 606 will be conducted on 28 June 2026 at Chennai and Coimbatore | | | | |

| Table: 7 - **SUPER SENIOR MEN** | | | | |
|---|---|---|---|---|
| **Event Code** | **Event Name** | **Type** | **Max. Participants** | **Max Duration** |
| 701 | Story Writing - Malayalam* | Solo | 1 | 90 min |
| 702 | Poem Writing - Malayalam* | Solo | 1 | 90 min |
| 703 | Carnatic Music | Solo | 1 | 10 min |
| 704 | Light Music | Solo | 1 | 5 min |
| 705 | Mappilappattu | Solo | 1 | 5 min |
| 706 | Poem Recital - Malayalam | Solo | 1 | 5 min |
| 707 | Elocution - Malayalam | Solo | 1 | 5 min |
| 708 | Mono Act | Solo | 1 | 5 min |
| 709 | Group Song | Group | 7 | 10min |
| 710 | Group Dance | Group | 7 | 10 min |
| * 701 & 702 will be conducted on 28 June 2026 at Chennai and Coimbatore | | | | |

| Table: 8 - **SUPER SENIOR WOMEN** | | | | |
|---|---|---|---|---|
| **Event Code** | **Event Name** | **Type** | **Max. Participants** | **Max Duration** |
| 801 | Story Writing - Malayalam* | Solo | 1 | 90 min |
| 802 | Poem Writing - Malayalam* | Solo | 1 | 90 min |
| 803 | Carnatic Music | Solo | 1 | 10 min |
| 804 | Light Music | Solo | 1 | 5 min |
| 805 | Mappilappattu | Solo | 1 | 5 min |
| 806 | Poem Recital - Malayalam | Solo | 1 | 5 min |
| 807 | Elocution - Malayalam | Solo | 1 | 5 min |
| 808 | Mono Act | Solo | 1 | 5 min |
| 809 | Group Song | Group | 7 | 10 min |
| 810 | Thiruvathira | Group | 10 | 10 min |
| 811 | Group Dance | Group | 7 | 10 min |
| * 801 & 802 will be conducted on 28 June 2026 at Chennai and Coimbatore | | | | |

| Table: 9 - **JUNIOR COMMON** | | | | |
|---|---|---|---|---|
| **Event Code** | **Event Name** | **Type** | **Max. Participants** | **Max Duration** |
| 901 | Cartoon - Malayalam* | Solo | 1 | 90 min |
| 902 | Mohiniyattam | Solo | 1 | 10 min |
| 903 | Kerala Nadanam | Solo | 1 | 15 min |
| 904 | Patriotic Song | Group | 7 | 5 min |
| 905 | Nadan Pattu | Group | 7 | 5 min |
| * 901 will be conducted on 28 June 2026 at Chennai and Coimbatore | | | | |

| Table: 10 - **SENIOR COMMON** | | | | |
|---|---|---|---|---|
| **Event Code** | **Event Name** | **Type** | **Max. Participants** | **Max Duration** |
| 911 | Cartoon - Malayalam* | Solo | 1 | 90 min |
| 912 | Mohiniyattam | Solo | 1 | 10 min |
| 913 | Kerala Nadanam | Solo | 1 | 15 min |
| 914 | Patriotic Song | Group | 7 | 5 min |
| 915 | Nadan Pattu | Group | 7 | 5 min |
| * 911 will be conducted on 28 June 2026 at Chennai and Coimbatore | | | | |

| Table: 11 - **SUPER SENIOR COMMON** | | | | |
|---|---|---|---|---|
| **Event Code** | **Event Name** | **Type** | **Max. Participants** | **Max Duration** |
| 921 | Mohiniyattam | Solo | 1 | 10 min |
| 922 | Bharatha Natyam | Solo | 1 | 10 min |
| 923 | Nadan Pattu | Group | 7 | 5 min |
| 924 | Tableau | Group | 7 | 1 min |

# അദ്ധ്യായം 5

## ഉത്സവ് 2026 -മൂല്യനിർണ്ണയോപാധികൾ

| 1 | ശാസ്ത്രീയ സംഗീതം (ശ്രുതിയോടുകൂടി പാടണം) |
|---|---|
| A. ശാരീരം | 15 മാർക്ക് |
| B. ശ്രുതിലയം | 15 മാർക്ക് |
| C. ജ്ഞാനഭാവം | 20 മാർക്ക് |
| D. താളം | 20 മാർക്ക് |
| E. സാഹിത്യശുദ്ധി | 15 മാർക്ക് |
| F. മനോധർമ്മം | 15 മാർക്ക് |

| 2 | മാപ്പിളപ്പാട്ട് |
|---|---|
| A. സാഹിത്യം | 25 മാർക്ക് |
| B. മാപ്പിളത്തനിമ | 25 മാർക്ക് |
| C. താളം | 25 മാർക്ക് |
| D. ശ്രുതിലയം | 25 മാർക്ക് |

| 3 | ദേശഭക്തിഗാനം |
|---|---|
| A. ശ്രുതിശുദ്ധി | 20 മാർക്ക് |
| B. താളം | 20 മാർക്ക് |
| C. അക്ഷരസ്ഫുടത | 20 മാർക്ക് |
| D. ഭാവം | 20 മാർക്ക് |
| E. ഒരേ ഈണത്തിൽ ഒരുമിച്ച് പാടുന്നതിനുള്ള കഴിവ് | 20 മാർക്ക് |

| 4 | ഭരതനാട്യം / മോഹിനിയാട്ടം |
|---|---|
| A. ആകാരസൂക്ഷ്മത | 15 മാർക്ക് |
| B. വേഷം | 15 മാർക്ക് |
| C. ഭാവപ്രകടനം | 20 മാർക്ക് |
| D. ചുവടുവെപ്പ് | 15 മാർക്ക് |
| E. താളം | 20 മാർക്ക് |
| F. മുദ്രകളുടെ പൂർണ്ണത | 15 മാർക്ക് |

| 5 | മാർഗ്ഗംകളി |
|---|---|
| A. വേഷത്തിൻറെ അനുയോജ്യത | 25 മാർക്ക് |
| B. ഭക്തിഭാവം | 25 മാർക്ക് |
| C. താളം | 25 മാർക്ക് |
| D. ചുവട് | 25 മാർക്ക് |

| 6 | തിരുവാതിര |
|---|---|
| A. വേഷത്തനിമ | 25 മാർക്ക് |
| B. ചലനം | 25 മാർക്ക് |
| C. താളം | 25 മാർക്ക് |
| D. ചുവട് | 25 മാർക്ക് |

| 7 | ലളിതഗാനം |
|---|---|
| A. ശാരീരം | 20 മാർക്ക് |
| B. ശ്രുതിലയം | 20 മാർക്ക് |
| C. ജ്ഞാനഭാവം | 20 മാർക്ക് |
| D. താളം | 20 മാർക്ക് |
| E. സാഹിത്യശുദ്ധി | 20 മാർക്ക് |

| 8 | സംഘഗാനം / നാടൻപാട്ട് |
|---|---|
| A. ശ്രുതി | 30 മാർക്ക് |
| B. താളം | 30 മാർക്ക് |
| C. അക്ഷരസ്ഫുടത | 20 മാർക്ക് |
| D. ഗായകർ തമ്മിലുള്ള യോജിപ്പ് | 20 മാർക്ക് |

| 9 | പദ്യം ചൊല്ലൽ |
|---|---|
| A. മനഃപാഠം | 25 മാർക്ക് |
| B. അക്ഷരസ്ഫുടത | 25 മാർക്ക് |
| C. മിതമായ ഭാവം/ശബ്ദം | 25 മാർക്ക് |
| D. സ്പഷ്ടമായ അർത്ഥം, ആശയം | 25 മാർക്ക് |
| കുറിപ്പ്: അമിതമായ സംഗീതത്തിന് സ്ഥാനമില്ല. കവിയെയും കവിതയെയും പറ്റി ചെറിയ മുഖവുര പറയാം. | |

| 10 | നാടോടിനൃത്തം |
|---|---|
| A. ആകാരസുഷമ | 20 മാർക്ക് |
| B. വേഷം | 20 മാർക്ക് |
| C. ഭാവപ്രകടനം | 20 മാർക്ക് |
| D. താളം | 20 മാർക്ക് |
| E. ചലനഭംഗി | 20 മാർക്ക് |
| കുറിപ്പ്: ഉപകരണങ്ങളുടെ ആധിക്യം കുറയ്ക്കണം. രംഗസജ്ജീകരണം ആവശ്യമില്ല. | |

| 11 | ഒപ്പന |
|---|---|
| A. വേഷത്തനിമ | 25 മാർക്ക് |
| B. ചലനം | 25 മാർക്ക് |
| C. താളവും കൈയടിയുടെ ചേർച്ചയും | 25 മാർക്ക് |
| D. തനിമയാർന്ന അവതരണം | 25 മാർക്ക് |

| 12 | കേരളനടനം |
|---|---|
| A. ആകാരസുഷമ | 25 മാർക്ക് |
| B. ചുവടുവെപ്പ് | 25 മാർക്ക് |
| C. മുദ്രകളുടെ വ്യക്തത | 25 മാർക്ക് |
| D. താളബോധം | 25 മാർക്ക് |

| 13 | സംഘനൃത്തം | |
|---|---|---|
| | A. നർത്തകർ തമ്മിലുള്ള യോജിപ്പ് | 20 മാർക്ക് |
| | B. വേഷത്തനിമ | 20 മാർക്ക് |
| | C. ചലനം | 20 മാർക്ക് |
| | D. താളം | 20 മാർക്ക് |
| | E. അവതരണം | 20 മാർക്ക് |
| **14** | **മോണോ ആക്ട്** | |
| | A. അക്ഷരസ്ഫുടത | 20 മാർക്ക് |
| | B. ആശയസ്ഫുടത | 20 മാർക്ക് |
| | C. ഭാവാഭിനയം | 20 മാർക്ക് |
| | D. സംഭാഷണം | 20 മാർക്ക് |
| | E. പ്രമേയവും പാത്രവത്ക്കരണവും | 20 മാർക്ക് |
| | കുറിപ്പ്: ആക്ഷേപങ്ങളും അപഹാസ്യമായ പരാമർശങ്ങളും ഒഴിവാക്കണം | |
| **15** | **പ്രച്ഛന്നവേഷം (ഫാൻസി ഡ്രസ്സ്)** | |
| | A. മേക്കപ്പ് | 25 മാർക്ക് |
| | B. വസ്ത്രധാരണം | 25 മാർക്ക് |
| | C. അഭിനയം | 25 മാർക്ക് |
| | D. അവതരണം | 25 മാർക്ക് |
| **16** | **പ്രസംഗം** | |
| | A. സഭാകമ്പമില്ലായ്മ | 20 മാർക്ക് |
| | B. അക്ഷരസ്ഫുടത | 20 മാർക്ക് |
| | C. ആശയസ്ഫുടത | 20 മാർക്ക് |
| | D. ഭാഷാശുദ്ധി | 20 മാർക്ക് |
| | E. ശബ്ദനിയന്ത്രണം | 20 മാർക്ക് |
| **17** | **ചിത്രരചന (ജലച്ഛായം)** | |
| | A. തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം | 20 മാർക്ക് |
| | B. സംവിധാനം (കോമ്പോസിഷൻ) | 20 മാർക്ക് |
| | C. ശൈലി | 20 മാർക്ക് |
| | D. പൂർണ്ണത | 20 മാർക്ക് |
| | E. ജലച്ഛായത്തിൻറെ പ്രയോഗത്തിലുള്ള മികവ് | 20 മാർക്ക് |
| **18** | **കാർട്ടൂൺ** | |
| | A. തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം | 20 മാർക്ക് |
| | B. രചനാശൈലി | 20 മാർക്ക് |
| | C. ആക്ഷേപഹാസ്യ സാമൂഹ്യ വിമർശനം | 20 മാർക്ക് |
| | D. സംവിധാനം (കോമ്പോസിഷൻ) | 20 മാർക്ക് |
| | E. നർമ്മബോധം | 20 മാർക്ക് |
| **19** | **ഉപകരണസംഗീതം (Laya Type)** | |
| | A. നാദം | 20 മാർക്ക് |
| | B. അംഗുലീപ്രയോഗം | 20 മാർക്ക് |
| | C. ലയം | 20 മാർക്ക് |
| | D. മനോധർമ്മം | 20 മാർക്ക് |
| | E. ചൊൽശുദ്ധം | 20 മാർക്ക് |

| 20 | ഉപന്യാസ രചന | |
|---|---|---|
| | A. ഭാഷാലാലിത്യം | 20 മാർക്ക് |
| | B. വസ്തുതകളുടെ വിന്യാസം | 20 മാർക്ക് |
| | C. അവതരണരീതി | 20 മാർക്ക് |
| | D. വിഷയത്തിലുള്ള അറിവ് | 20 മാർക്ക് |
| | E. അനുബന്ധകാര്യങ്ങളുടെ റഫറൻസ് | 20 മാർക്ക് |
| **21** | **ചിത്രരചന (പെൻസിൽ)** | |
| | A. തന്നിട്ടുള്ള വിഷയവുമായുള്ള ബന്ധം | 20 മാർക്ക് |
| | B. സംവിധാനം (കോമ്പോസിഷൻ) | 20 മാർക്ക് |
| | C. പ്രയോഗ സാമർത്ഥ്യം | 20 മാർക്ക് |
| | D. പൂർണ്ണത | 20 മാർക്ക് |
| | E. രേഖകളുടെയും ഇരുൾവെളിച്ചങ്ങളുടെയും സവിശേഷത | 20 മാർക്ക് |
| **22** | **ടാബ്ലോ** | |
| | A. പ്രമേയം | 25 മാർക്ക് |
| | B. സംവിധാനം | 25 മാർക്ക് |
| | C. അവതരണം | 25 മാർക്ക് |
| | D. വസ്തുവകകൾ | 25 മാർക്ക് |
| **23** | **കവിതാരചന** | |
| | A. ഭാഷ | 20 മാർക്ക് |
| | B. സർഗ്ഗാത്മകത | 20 മാർക്ക് |
| | C. താളം | 20 മാർക്ക് |
| | D. സൗന്ദര്യാത്മകത | 20 മാർക്ക് |
| | E. പ്രതിപാദനരീതി | 20 മാർക്ക് |
| **24** | **കഥാരചന** | |
| | A. ഭാഷ | 20 മാർക്ക് |
| | B. സർഗ്ഗാത്മകത | 20 മാർക്ക് |
| | C. ആവിഷ്ക്കാര രീതി | 20 മാർക്ക് |
| | D. സൗന്ദര്യാത്മകത | 20 മാർക്ക് |
| | E. പ്രതിപാദനരീതി | 20 മാർക്ക് |
| **25** | **ഉപകരണസംഗീതം (Wind Type)** | |
| | A. നാദം | 20 മാർക്ക് |
| | B. രാഗഭാവം | 20 മാർക്ക് |
| | C. താളം | 20 മാർക്ക് |
| | D. മനോധർമ്മം | 20 മാർക്ക് |
| | E. ശ്രുതിലയം | 20 മാർക്ക് |
| **26** | **ഉപകരണസംഗീതം (String Type)** | |
| | A. നാദം | 20 മാർക്ക് |
| | B. രാഗഭാവം | 20 മാർക്ക് |
| | C. താളം | 20 മാർക്ക് |
| | D. വില്ലിടുന്നത് | 20 മാർക്ക് |
| | E. മീട്ട് | 20 മാർക്ക് |

design@prettyillusions.com